ശ്രീ. ഈ. പി. ഗോപാലൻ : ഇക്കാര്യത്തിൽ കുറെ ചുമത്തി ചാർജ്ജ് ചെയ്ത കോടതിയിൽ കൊണ്ടുവന്നിട്ടുള്ള കേസുകളിൽ സ്ത്രീയും പുരുഷനും സമ്മതമായിട്ട് ചെയ്ത പ്രവർത്തിയാണെന്നും, അതുകൊണ്ട് യാതൊരു കുറവും അവരുടെ പേരിൽ ചുമത്തരുതെന്നും ഉള്ള വാദം ഉന്നയിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ രണ്ടു പേരുടേയും സമ്മതമായിട്ടാണെന്നുള്ള വാദം ഉണ്ടായിട്ടുണ്ട്.

ശ്രീ ഈ. പി. ഗോപാലൻ : വ്യഭിചാരം നടത്തീയിട്ടുള്ളതു് പുരുഷന്റെയും സ്ത്രീയുടെയും സമ്മതപ്രകാരമാണെന്നു് വാദിച്ചാലും നിയമപ്രകാരം അതു് തെറ്റാണെന്നറിയാമോ ?

ശ്രീ. ആർ. ശങ്കർ : അറിയാം.

ശ്രീ. ഹമീദാലി ഷംനാട് : വ്യഭിചാരനിരോധന നിയമം ലംഘിക്കുന്നതു് കേരളത്തിന്റെ വടക്കു് ഭാഗത്താണോ തെക്കു് ഭാഗത്താണോ കൂടുതലെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഒരു ഭാഗവുംഅതു മോശമാണെന്നു തോന്നുന്നില്ല.

നിയമസഭയിൽ അവതരിപ്പിച്ച ബില്ലുകൾ

* 358. [17] ശ്രീ. പി. ആർ. ഫ്രാൻസിസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം എത്ര ബില്ലുകൾ നിയമസഭയിലവതരിപ്പിച്ചിട്ടുണ്ടു് ;

(ബി) അവയിൽ എത്രയെണ്ണം നിയമസഭ പാസ്സാക്കിയിട്ടുണ്ടു് ;

(സി) എത്രയെണ്ണത്തിനു അനുമതി ലഭിച്ചു് 'Act' ആയിട്ടു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു് ;

(ഡി) എത്രയെണ്ണം പ്രാബല്യത്തിൽ വന്നിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 165.
(ബി) 152.
(സി) 147.
(ഡി) 138.

ശ്രീ. എം. നാരായണക്കുറുപ്പു് : പണമിടപാടു നിയമം ഈ ഗവണ്മെന്റു 1958—ൽ പാസാക്കിയതാണു്. ആ നിയമം ഇത്രയും കാലമായിട്ടും പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടില്ല. അതിനുള്ള കാരണം എന്താണെന്നു് വ്യക്തമാക്കാമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദ്യം ചോദിക്കണം.

കായലോരപ്രദേശങ്ങളിലെ ശുദ്ധജലവിതരണം

* 359. [18] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയുടെ കഴിഞ്ഞുപോയ വർഷങ്ങളിൽ കായലോര പ്രദേശങ്ങളിലെ ശുദ്ധജലവിതരണത്തിനു് ജില്ലതിരിച്ചു ചെലവാക്കിയ സംഖ്യ എത്രയാണു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊട്ടങ്ങല്ലൂരിലെ എടവിലങ്ങ (കാര) യിൽ വിജയകരമായി ഒരു കുഴൽ കിണർ കുഴിച്ചിട്ടും വെള്ളം വിതരണം നടത്തുന്നതിലേക്കുള്ള നടപടികളും സ്വീകരിക്കാതെ പ്രസ്തുത ജോലി ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പണി ആരംഭിച്ചു് മുഴമിപ്പിക്കുന്നതിനു നടപടികളും സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ)	കൊല്ലം	60,658
	ആലപ്പുഴ	4,47,390
	കോട്ടയം	24
	എറണാകുളം	75,270
	തൃശ്ശൂർ	62,610
	ആകെ	6,45,952

(സി) എടവിലങ്ങയിൽ നിലവിലുള്ള കുഴൽകിണറിൽനിന്നും ലഭിക്കുന്ന ജലം ഓവർ ഹെഡ്ടാങ്കിൽ സംഭരിച്ചു് വിതരണം നടത്തുന്നതിലേക്കായി 24,250 രൂപ ചെലവുള്ള ഒരു പദ്ധതിയ്ക്കു് അനുമതി നൽകിയിട്ടുണ്ടു്,

(സി) പ്രസ്തുതപണി ഉടനെ ആരംഭിക്കുന്നതാണു്,

റോഡ്സു് ആൻഡു് കമ്മ്യൂണിക്കേഷൻസു് ഇനത്തിൽ ചെലവാക്കിയതുക

✻ 360. [19] ശ്രീ. പി. എസു്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം റോഡ്സു ആൻഡു് കമ്മ്യൂണിക്കേഷൻസു് ഇനത്തിൽ നാളിതുവരെ ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ടു് ;

(ബി) ഏറ്റവും കൂടുതൽ തുക ചെലവാക്കിയതു് ഏതു താലൂക്കിലാണു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) നാഷണൽ ഹൈവേ, വെസ്റ്റു കോസ്റ്റു റോഡു് ഇവ ഉൾപ്പെടെ റോഡ്സു് ആൻഡു് കമ്മ്യൂണിക്കേഷൻസിനുവേണ്ടി പത്തുകോടി മുപ്പത്തിയേഴു് ലക്ഷം രൂപ 1960-61, 61–62, 62–63, 63–64 ജനുവരിവരെ ഒറിജിനൽ വർക്സിനു ചെലവാക്കിയിട്ടുണ്ടു്. കൂടാതെ ഈ കാലത്തു് ഏഴു കോടിയോളം രൂപ മെയിൻറനൻസിനും ചെലവാക്കിയിട്ടുണ്ടു്.

(ബി) താലൂക്കു തിരിച്ചുള്ള ചെലവിന്റെ കണക്കു് സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടു് ഏതു താലൂക്കിലാണു് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളതെന്നു് പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly